<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2100</u> <u>30-09-2025 - ൽ മറുപടിയ്ക്ക്</u>

<u>കനാൽ നവീകരണ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ ഏതൊക്കെ കനാലുകളെയാണ് കനാൽ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഓരോ കനാലുകളും എവിടെ നിന്നാരംഭിക്കുന്നുവെന്നും എവിടെ അവസാനിക്കുന്നുവെന്നും ഓരോന്നിനും എത്ര നീളമുണ്ടെന്നുമുള്ള ഇനം തിരിച്ചുള്ള വിവരങ്ങൾ നൽകാമോ; | (എ) | ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പ്രോജക്റ്റ് (IURWTS) എന്ന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കനാലുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ഇടപ്പള്ളി കനാൽ (11.50 കി.മീ നീളം) – മുട്ടാർ കടവ് മുതൽ ചിത്രപ്പുഴ വരെ<br>ചിലവന്നൂർ കനാൽ (11.50 കി.മീ നീളം) – അമൃത ഹോസ്പിറ്റൽ മുതൽ ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് വരെ.<br>പേരണ്ടൂർ കനാൽ (9.90 കി.മീ നീളം) – പേരണ്ടൂർ റെയിൽവേ പാലം മുതൽ തേവര കനാൽ വരെ<br>തേവര കനാൽ (1.41 കി.മീ നീളം) തേവര കായൽ മുതൽ കൊല്ലം കോട്ടപ്പുറം ദേശീയ ജലപാത വരെ.<br>മാർക്കറ്റ് കനാൽ (660 മീറ്റർ നീളം) – എറണാകുളം മാർക്കറ്റ് ബാനർജി റോഡ് മുതൽ കൊച്ചി കായൽ വരെ.<br>കോന്തുരുത്തി കനാൽ (660 മീറ്റർ നീളം) – തേവര കനാലിൽ നിന്നും ആരംഭിച്ച് തേവര കായലിൽ അവസാനിക്കുന്നു.<br>മംഗളവനം കനാൽ (300 മീറ്റർ നീളം) – മംഗളവനം പക്ഷി സങ്കേതം മുതൽ കൊച്ചി കായൽ വരെ. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമാകുന്നതിന് പ്രസ്തുത കനാലുകൾക്കുള്ള നിലവിലെ വീതി പര്യാപ്തമാണോ; ഇനിയും വീതി വർദ്ധിപ്പിക്കേണ്ടതായ കനാലുകളുണ്ടെങ്കിൽ അവയേതൊക്കെയെന്നും അവയുടെ നിലവിലെ വീതിയും വർദ്ധിപ്പിക്കേണ്ടതായ വീതിയും തരം തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | നിലവിലുള്ള വീതി പര്യാപ്തമല്ല.<br><br>**ഇടപ്പള്ളി കനാൽ-** നിലവിൽ 5 മീറ്റർ മുതൽ 180 മീറ്റർ വരെ വീതിയുള്ള കനാലിനെ വെള്ളപ്പൊക്ക നിവാരണത്തിനും ജലഗതാഗതത്തിനും വേണ്ടി ഏറ്റവും ചുരുങ്ങിയത് 16.50 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>**ചിലവന്നൂർ കനാൽ -** നിലവിൽ 2 മീറ്റർ മുതൽ 300 മീറ്റർ വരെ വീതിയുള്ള കനാലിനെ വെള്ളപ്പൊക്ക നിവാരണത്തിന് വേണ്ടി ഏറ്റവും ചുരുങ്ങിയത് 9 മീറ്റർ |

| | | | |
|---|---|---|---|
| | | | വീതിയിൽ വികസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>**പേരണ്ടൂർ കനാൽ -** നിലവിൽ 2 മീറ്റർ മുതൽ 110 മീറ്റർ വരെ വീതിയുള്ള കനാലിനെ വെള്ളപ്പൊക്ക നിവാരണത്തിന് വേണ്ടി ഏറ്റവും ചുരുങ്ങിയത് 11 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>**തേവര കനാൽ -** നിലവിൽ 13 മീറ്റർ മുതൽ 25 മീറ്റർ വരെ വീതിയുള്ള കനാലിനെ വെള്ളപ്പൊക്ക നിവാരണത്തിന് വേണ്ടി ഏറ്റവും ചുരുങ്ങിയത് 11 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>**മാർക്കറ്റ് കനാൽ -**നിലവിൽ 2 മീറ്റർ മുതൽ 20 മീറ്റർ വരെ വീതിയുള്ള കനാലിനെ നിലവിലുള്ള വീതിയിൽ നിലനിർത്തുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>**കോന്തുരുത്തി കനാൽ -** നിലവിൽ 2 മീറ്റർ മുതൽ 20 മീറ്റർ വരെ വീതിയുള്ള കനാലിനെ സർവ്വെ റെക്കോർഡുകൾ പ്രകാരമുള്ള കനാലിന്റെ യഥാർത്ഥ വീതിയിലേയ്ക്ക് എത്തിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിനായി കനാലിന്റെ വശങ്ങളിൽ എത്ര ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നും എത്ര വീടുകൾ അതിലുണ്ടെന്നതും സംബന്ധിച്ച വിശദവിവരം ഓരോ കനാലിന്റെയും പേരിനോടൊപ്പം തരംതിരിച്ച് ലഭ്യമാക്കുമോ; | (സി) | കനാലുകളുടെ ഇരുകരകളിലും നടപ്പാത നിർമ്മിക്കുന്നതിനായി ചുരുങ്ങിയത് 2 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടി വരും. ഇതിനായി 42 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള അനുമതി നല്കിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനായി കനാൽ പുറമ്പോക്ക് അതിർത്തി നിർണ്ണയ സർവ്വെ ജോലികൾ ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പുറമ്പോക്ക് വിവരങ്ങൾ ലഭിച്ചതിനു ശേഷമേ എത്ര വീടുകൾ ഉൾപ്പെടുന്നുണ്ട് എന്നറിയുവാൻ കഴിയുകയുള്ളു. |
| (ഡി) | ഈ പദ്ധതിയിൽപ്പെടുന്ന ഏതൊക്കെ കനാലുകളിലൂടെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ബോട്ട് സർവീസ് ആരംഭിക്കുന്നതിനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | (ഡി) | ഇടപ്പള്ളി കനാലും, തേവര കനാലും ഉടനീളത്തിൽ ജലഗതാഗത യോഗ്യമാക്കുന്നതിനും ചിലവന്നൂർ കനാലിന്റെ എളംകുളം മെട്രോ സ്റ്റേഷൻ മുതൽ ബണ്ട് റോഡ് വരെയുള്ള ഭാഗം ജലഗതാഗത യോഗ്യമാക്കുന്നതിനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മാർക്കറ്റ് കനാൽ, കോന്തുരുത്തി കനാൽ, മംഗളവനം കനാൽ എന്നിവയിൽ ജലഗതാഗതം വിഭാവനം ചെയ്തിട്ടില്ല. പേരണ്ടൂർ കനാലിലും, ചിലവന്നൂർ കനാലിന്റെ ബാക്കി ഭാഗത്തും റെയിൽവെ പാലങ്ങൾ ഉയർത്തുന്നത് പ്രായോഗികമല്ലാത്തതിനാൽ ജലഗതാഗതം വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ